# പോലീസ് സ്മൃതി ദിനം ആചരിച്ചു



പോലീസ് സ്മൃതി ദിനത്തോടനുബന്ധിച്ച് ( Police Commemoration Day ) ഇന്ന് (21.10.2019) രാവിലെ 08.00 മണിക്ക് കളമശ്ശേരി DHQ ക്യാമ്പിൽ വെച്ച് കോമെമ്മറേഷൻ പരേഡ് നടത്തി.

1959 ലെ ഇന്ത്യ - ചൈന പ്രശ്നത്തിൽ ലഡാക്ക് അതിർത്തിയിൽ വച്ച് വീരമൃത്യു വരിച്ച പോലീസ് ഉദ്യോഗസ്ഥരുടെ സ്മരണാർത്ഥം രാജ്യമെങ്ങും എല്ലാ വർഷവും ഒക്ടോബർ 21 നാണ് പോലീസ് സ്മൃതി ദിനമായി ആചരിക്കുന്നത്. രാജ്യത്ത് ഓരോ വർഷവും കൃത്യ നിർവ്വഹണത്തിനിടയിൽ മരണപ്പെട്ട മുഴുവൻ പോലീസ് സേനാംഗങ്ങളുടെയും പേരുവിവരവും, വീരമൃത്യുവിനിടയാക്കിയ സംഭവവും അറിയിക്കുന്നതോടൊപ്പം തന്നെ മരണപ്പെട്ടവരെ സ്മരിക്കുന്നതിനും വേണ്ടിയാണ് പോലീസ് സ്മൃതി ദിനം ആചരിക്കുന്നത്.

ഭാരതത്തിന്റെ ഐക്യവും, അഖണ്ഡതയും, ക്രമസമാധാനപാലനവും കാത്തുസൂക്ഷിക്കുന്നതിൽ സ്തുത്യർഹമായ പങ്കു വഹിച്ച് മണ്മറഞ്ഞ സേനാംഗങ്ങളോടുള്ള ആദരവും, കൂറും ആത്മാർത്ഥതയും പ്രകടിപ്പിച്ച് കളമശ്ശേരി DHQ വിലെ ഇൻസ്പെക്ടർ കമ്മുണ്ണി.എം.എ കോമെമ്മറേഷൻ പരേഡ് നയിച്ചു. കൊച്ചി റേഞ്ച് ഡി.ഐ.ജി കാളിരാജ് മഹേഷ് കുമാർ.എസ് IPS, എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് IPS ക്രൈം ബ്രാഞ്ച് എസ് പി മുഹമ്മദ് റഫീക്.വി.എം IPS എന്നിവർ സ്മൃതി മണ്ഡപത്തിൽ പുഷ്പചക്രം അർപ്പിച്ച് അനുസ്മരണ പ്രഭാഷണം നടത്തി. ആലുവ ഡി.വൈ.എസ്.പി ജി.വേണു, പെരുമ്പാവൂർ ഡി.വൈ.എസ്.പി കെ.ബിജുമോൻ, മൂവാറ്റുപുഴ ഡി.വൈ.എസ്.പി കെ.അനിൽ കുമാർ, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി റാഫി.ആർ, ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി കെ.എം.ജിജിമോൻ, ക്രൈം റെക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി റജി അബ്രഹാം.പി, നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി എം.ആർ.മധുബാബു, ജില്ലയിലെ മറ്റ് പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

എറണാകുളം റൂറൽ ജില്ലയിൽ ഈ വർഷം പോലീസ് സ്മൃതി ദിനം ആചരിക്കുന്നതിന്റെ ഭാഗമായി ചൊവ്വാഴ്ച (22.10.2019) ആലുവയിലുള്ള ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ വെച്ച് രാവിലെ 09.30 മണിമുതൽ രക്തദാന ക്യാമ്പും, ബുധനാഴ്ച (23.10.2019) രാവിലെ 07.00 മണിക്ക് ആലുവ ട്രാഫിക് യൂണിറ്റിന്റെ, സമീപത്തുള്ള ജില്ലാ ക്രൈം ബ്രാഞ്ച് ഓഫീസിന് മുന്നിൽ നിന്ന് ആരംഭിക്കുന്ന കൂട്ട ഓട്ടവും സംഘടിപ്പിച്ചിട്ടുണ്ട്.